പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4812 | 22.03. 2018 ൽ മറുപടിക്ക്

## അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള പ്രൊമോഷൻ

ചോദ്യം

ശ്രീ.വി.എസ്.ശിവകുമാർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വിശദമാക്കാമോ;<br><br>(ബി) 2015 ന് ശേഷം പ്രസ്തുത തസ്തികയിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br><br>(സി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ മൂലം നികത്തുന്നതിന് ബോർഡ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>(ഡി) പ്രസ്തുത തസ്തികയിലേക്കുള്ള പ്രൊമോഷൻ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ? | (എ),(ബി),(സി)&(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ ആകെ അംഗീകൃത എണ്ണം 679 ആണ്. ഗവൺമെന്റ് ഉത്തരവ് പ്രകാരം 167 അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾ താൽക്കാലികമായി അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) ആക്കുകയും ഇവയിൽ 124 തസ്തികകൾ ഇപ്പോഴും തുടരുകയും ചെയ്യുന്നു. മേൽ തസ്തികകളിൽ ആകെ കൂടി 672 പേർ (23 LWA+3 deputation) പ്രവർത്തിയെടുക്കുന്നു.<br><br>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർക്ക് ഉദ്യോഗക്കയറ്റത്തിന് വളരെയധികം കാലതാമസം നേരിട്ടതിനെ തുടർന്ന് 2014-ൽ ഗവൺമെന്റ് ഉത്തരവ്പ്രകാരം അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) മാരുടെ 167 തസ്തിക താൽക്കാലികമായി അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി മാറ്റുകയുണ്ടായി. ടി ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ 167തസ്തികകൾ തിരികെ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) ആയി പുന:ക്രമീകരിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) -ൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാവൂ എന്ന് നിഷ്കർഷിച്ചിരുന്നു. ഇക്കാരണത്താൽ ഇതിനുശേഷം അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) -ൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) ലേയ്ക്ക് പ്രൊമോഷൻ നൽകാൻ സാധിച്ചിരുന്നില്ല.<br>കൂടാതെ, കെ.എസ്.ഇ.ബി ലിമിറ്റഡിൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടത് കേരള എൻജിനീയറിംഗ് സർവ്വീസ് റൂൾസ് അനുസരിച്ചാണ്. ഇതനുസരിച്ച് ഡിഗ്രി ഉള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, ഡിപ്ലോമ ഉള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും കേഡർ സ്ട്രെങ്ത് 3:1 എന്ന അനുപാതത്തിലായിരിക്കണം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ നിലവിലുള്ള സാങ്ഷൻഡ് സ്ട്രെങ്ത് 679 ആണ്. ഇതിൽ 509 തസ്തിക ഡിഗ്രിക്വാട്ടയിലും 170 തസ്തിക |

| | |
|---|---|
| | ഡിപ്ലോമ ക്വാട്ടയിലുമാണ് ഉള്ളത്. എന്നാൽ ഇപ്പോൾ തന്നെ ഡിഗ്രി ക്വാട്ടയിൽ നിലവിലെ വർക്കിംഗ് സ്ട്രെങ്ത് (01.03.2018 ൽ) 544 ഉം (ദീർഘകാല അവധി, ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) ഡിപ്ലോമ ക്വാട്ടയിൽ 74 ഉം ആണ്. അപ്ഗ്രേഡ് ചെയ്തതിൽ അവശേഷിക്കുന്ന 124 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ 108 പേർ ഡിഗ്രി ക്വാട്ടയിലും 16 പേർ ഡിപ്ലോമ ക്വാട്ടയിലും ഉള്ളവരാണ്. നിലവിൽ ഡിഗ്രി ക്വാട്ടയിൽ ഒഴിവില്ലാത്തതിനാൽ (509 എണ്ണം വേണ്ടിടത്ത് 544 പേർ ഉണ്ട്). ക്വാട്ട മറികടന്നു കൊണ്ട് 108 അപ്ഗ്രേഡ് ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ റെഗുലറൈസ് ചെയ്യാനോ അതിലൂടെ ടി ഒഴിവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകളായി മാറ്റാനോ സാധിക്കുന്നില്ല. നിലവിൽ ഡിപ്ലോമ ക്വാട്ടയിൽ മാത്രമേ ഒഴിവുള്ളൂ. എന്നാൽ ഈ ഒഴിവിലേയ്ക്ക് ഡിഗ്രിക്കാരെ റെഗുലറൈസ് ചെയ്യുവാൻ നിയമാനുസൃതം കഴിയുകയില്ല. താൽക്കാലികമായി അപ്ഗ്രേഡ് ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരെ റെഗുലറൈസ് ചെയ്തതിനു ശേഷം മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാൻ സാധിക്കുകയുള്ളൂ.<br>കൂടാതെ, ടി വിഷയം CCC No.36/2018 in IA No.11567/2017 in W.P (C) No.9807/2017 പ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതിയുടെ വിധിയ്ക്ക് അനുസൃതമായി മാത്രമേ മേൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ